# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 708

14.07.2014 ൽ മറുപടിക്ക്

**പാർട്ട്ണർ കേരള മിഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. അൻവർ സാദത്ത് | **ശ്രീ. മഞ്ഞളാംകുഴി അലി**<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി |
| (എ) പാർട്ട്ണർ കേരള മിഷൻ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ഉണ്ട്, 2014 ഫെബ്രുവരിയിൽ സംഘടിപ്പിച്ച പാർട്ട്ണർ കേരള നിക്ഷേപക സംഗമത്തിൽ പങ്കെടുത്ത പ്രാദേശിക സർക്കാർ നേതൃത്വത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും നിക്ഷേപകരുടെയും താൽപ്പര്യങ്ങൾ ക്രോഡീകരിച്ച് നിക്ഷേപ സംഗമത്തിന്റെ തുടർച്ചയായി സർക്കാരിന് സമർപ്പിക്കപ്പെട്ടിട്ടുണ്ട്. വലിയ മുതൽ മുടക്കുള്ള പ്രോജക്ടുകളുടെ പരിപാലനവും തുടർ നടത്തിപ്പും വരുമാനം ഷെയർ ചെയ്യുന്നതു സംബന്ധിച്ച ദീർഘകാലാടിസ്ഥാനത്തിലുള്ള സംവിധാനം ആവശ്യമാണ് എന്ന് ബോധ്യപ്പെട്ടതിനാൽ പാർട്ണർ കേരള മിഷൻ രൂപീകരിക്കാൻ തീരുമാനിച്ചു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ; | പ്രാദേശിക സർക്കാരുകളിൽ നിന്നും ജനങ്ങൾ പ്രതീക്ഷിക്കുന്ന സേവനത്തിന്റെ അളവും ഗുണനിലവാരവും ജനങ്ങളുടെ പ്രതീക്ഷക്ക് ഒത്തവിധം ഉയർത്താൻ തക്കവണ്ണം സ്വകാര്യ മൂലധനം പൊതു ആവശ്യങ്ങൾക്കായി കർക്കശമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന കരാർ പ്രകാരം പ്രയോജനപ്പെടുത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശം. |
| (സി) സംസ്ഥാനത്ത് നടന്ന പാർട്ട്ണർ കേരള സംഗമത്തിൽ അവതരിപ്പിച്ച പദ്ധതികളുടെ പ്രവർത്തനം ഊർജ്ജിതമാക്കാനും നഗരസഭകൾക്ക് മാർഗ്ഗനിർദ്ദേശം നൽകാനും എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | നഗരസഭകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഫണ്ട് സർക്കാരിനും നഗരസഭകൾക്കും കൂടി യഥാസമയം കണ്ടെത്തുവാൻ ബുദ്ധിമുട്ടായതിനാൽ സ്വകാര്യ പങ്കാളിത്തത്തോടു കൂടി പ്രാദേശിക സർക്കാരുകളുടെ വരുമാന വർദ്ധനവിനും തദ്വാര ജനങ്ങൾക്ക് ലഭിക്കുന്ന വിവിധങ്ങളായ സേവനങ്ങളുടെ |

അളവും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പാർട്ട്ണർ കേരള മിഷൻ ഒരു ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുകയും പ്രാദേശിക സർക്കാരുകളുടെ ഭൂമിയിൽ അതതു പ്രദേശത്തിന് അനുയോജ്യവും ആവശ്യമുള്ളതും സ്വയംപര്യാപ്തവുമായ പദ്ധതികൾ സർക്കാർ സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്നതു സംബന്ധിച്ച നയപരവും ഭരണപരവും ധനപരവും സാങ്കേതികവുമായ പിന്തുണ ഇതിലൂടെ ഉറപ്പുവരുത്തുവാൻ ഉദ്ദേശിക്കുന്നു.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

നിക്ഷേപക സംഗമത്തിന്റെ ശുപാർശകൾ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സെക്രട്ടറി അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് 20.06.2014 ന് സർക്കാരിന് ലഭിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ